# പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1911 — 16.06.2014 ന് മറുപടിയ്ക്ക്.

## ആനയുടെ ആക്രമണംമൂലം മരണപ്പെട്ടവർക്കുള്ള സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ദേവീകുളം നിയോജകമണ്ഡലത്തിൽ 2011 മുതൽ എത്രപേരാണ് ആനയുടെ ആക്രമണംമൂലം മരണപ്പെട്ടിട്ടുള്ളത് ; | (എ) ദേവീകുളം നിയോജകമണ്ഡലത്തിൽ 2011 മുതൽ 10 പേർ ആനയുടെ ആക്രമണംമൂലം മരണപ്പെട്ടിട്ടുണ്ട്. |
| (ബി) മരണപ്പെട്ട ആളുകളുടെ കുടുംബാംഗങ്ങൾക്ക് എല്ലാവർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; | (ബി) മരണപ്പെട്ട ആളുകളുടെ കുടുംബാംഗങ്ങൾക്ക് എല്ലാവർക്കും നഷ്ടപരിഹാരം നൽകിയിട്ടില്ല. രണ്ടുപേർക്ക് അനന്തരാവകാശികൾ ഇല്ലാത്തതിനാലും ഒരാളുടെ അവകാശികൾ അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കാഞ്ഞതിനാലും നഷ്ടപരിഹാരം നൽകിയിട്ടില്ല. കൂടാതെ ഫണ്ടിന്റെ അഭാവത്താൽ 2 പേർക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. |
| (സി) എങ്കിൽ എന്തു തുക വീതമാണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (സി) 5 പേർക്ക് 3 ലക്ഷം രൂപ വീതം മൊത്തം 15 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| (ഡി) ഇല്ലെങ്കിൽ അടിയന്തിരമായി നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഒരാളുടെ ആശ്രിതർ രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും മറ്റു രണ്ടു പേരുടെ ആശ്രിതർക്ക് ഈ സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ